## പതിനാലാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 56** | **24/01/2018-ൽ മറുപടിയ്ക്ക്**

## 'കേപ്' ന്റെ കീഴിലുള്ള സ്ഥാപനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. എ.പി. അനിൽ കുമാർ**<br>**ശ്രീ. എം. വിൻസെന്റ്**<br>**ശ്രീ. ഷാഫി പറമ്പിൽ**<br>**ശ്രീ. വി.പി.സജീന്ദ്രൻ** | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ**<br>**(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| (എ) 'കേപ്പി'ന്റെ കീഴിലുള്ള സ്ഥാപനങ്ങളിലെ പഠനനിലവാരം വിലയിരുത്തിയിട്ടുണ്ടോ; പ്രസ്തുത സ്ഥാപനങ്ങളിലെ വിജയ ശതമാനം ഉയർത്തുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) ആറ് മാസത്തിലൊരിക്കൽ ബഹു. സഹകരണ വകുപ്പ് മന്ത്രി/സെക്രട്ടറിയും, മൂന്ന് മാസത്തിലൊരിക്കൽ കേപ്പ് ഡയറക്ടറും പ്രിൻസിപ്പാൾമാരുടെ യോഗം വിളിച്ച് റിസൾട്ട് ഉൾപ്പെടെ കുട്ടികളുടെ പഠന സംബന്ധമായ എല്ലാ കാര്യങ്ങളും അവലോകനം ചെയ്യാൻ തീരുമാനിക്കുകയും നടപ്പാക്കി വരുകയും ചെയ്യുന്നു. അതോടൊപ്പം കേപ്പ് ഡയറക്ടർ എല്ലാ സ്ഥാപനങ്ങളും സന്ദർശിച്ച് വകുപ്പ് തലവന്മാരെ വിളിച്ച് ചേർത്ത് അവലോകനം നടത്തി വരുന്നുണ്ട് സീരീസ് ടെസ്റ്റുകളും മോഡൽ പരീക്ഷകളും നടത്തി കുട്ടികളെ യൂണിവേഴ്സിറ്റി പരീക്ഷ എഴുതാൻ പ്രാപ്തരാക്കുന്നുണ്ട്.<br><br>അടിസ്ഥാന സൗകര്യങ്ങളുടെ മെച്ചപ്പെടുത്തലിന്റെ ഭാഗമായി പുതിയ ബ്ലോക്കുകളുടെയും വനിതാ ഹോസ്റ്റലുകളുടേയും നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ലാബുകളുടേയും ലൈബ്രറികളുടേയും വികസനത്തിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതോടൊപ്പം കേപ്പിനു കീഴിലെ കോളേജുകളെ "സെന്റർ ഓഫ് എക്സലൻസ്" ആക്കി മാറ്റുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) കേപ്പിന്റെ കീഴിലുള്ള ഏതെങ്കിലും സ്ഥാപനങ്ങൾക്ക് 'നാക്' അക്രെഡിറ്റേഷൻ ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനായുള്ള നടപടി ഏത് ഘട്ടത്തിലാണ്; | (ബി) കേപ്പിന്റെ കീഴിൽ വടകര, തൃക്കരിപ്പൂർ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന എഞ്ചിനീയറിംഗ് കോളേജുകൾക്ക് NAAC അക്രെഡിറ്റേഷൻ B+ Grade ലഭിച്ചിട്ടുണ്ട്. കേപ്പിന്റെ മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും |

| | | | |
|---|---|---|---|
| | | | NAAC അക്രെഡിറ്റേഷൻ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | കേപ്പ് സാമ്പത്തിക പ്രതിസന്ധി നേരിടുന്നുണ്ടോ; ഉണ്ടെങ്കിൽ അത് മറികടക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; | (സി) | സഹകരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കേപ്പിന്റെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പൊതു എൻട്രൻസ് പരീക്ഷാ കമ്മീഷണറുടെ ലിസ്റ്റിൽ നിന്നുമാണ് പ്രവേശനം നൽകുന്നത്. വിദ്യാർത്ഥികൾക്കെല്ലാം ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ അനുസരിച്ചുള്ള ഫീസ് ഇളവുകളും നൽകിവരുന്നു. കേപ്പിനു കീഴിലുള്ള സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളിൽ നിന്ന് ലഭിക്കുന്ന ഫീസ് മാത്രമാണ് കേപ്പിന്റെ വരുമാനം. നിലവിൽ മുഴുവൻ സീറ്റും നികത്താൻ കഴിയാത്തത് മൂലം വരുമാനത്തിൽ കുറവ് വരുന്നുണ്ട്. ജീവനക്കാർക്ക് ഡി.എ.വർദ്ധനവും ശമ്പള പരിഷ്കരണവും നടപ്പാക്കിയിട്ടുള്ളതിനാൽ റവന്യൂ ചെലവ് വർദ്ധിച്ചിട്ടുണ്ട്. പല സ്ഥാപനങ്ങളുടേയും വരുമാനം ചെലവിനേക്കാൾ കുറവായതും, നിർമ്മാണ പ്രവർത്തനങ്ങളും പശ്ചാത്തല സൗകര്യങ്ങളും എ.ഐ.സി.റ്റി.ഇ മാനദണ്ഡങ്ങൾ അനുസരിച്ച് നടത്തേണ്ടി വരുന്നതുമൂലം മൂലധനച്ചെലവ് കൂടി വരുന്നതും കേപ്പിൽ സാമ്പത്തിക പ്രതിസന്ധി ഉണ്ടാകുന്നുണ്ട്. സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്നതിന് വരുമാനം വർദ്ധിപ്പിക്കുന്നതിനും ചെലവ് ചുരുക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സർക്കാർ പദ്ധതി/പദ്ധതിയേതര ഫണ്ടും പ്രൊഫഷണൽ എഡ്യൂക്കേഷൻ ഫണ്ടും നൽകി കേപ്പിന്റെ സുഗമമായ പ്രവർത്തനം ഉറപ്പാക്കുന്നുണ്ട്. |
| (ഡി) | കേപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിലെ എൻ.ആർ.ഐ സീറ്റുകൾ മെരിറ്റ് സീറ്റുകളാക്കി മാറ്റിയത് മൂലം ഉണ്ടായ സാമ്പത്തിക നഷ്ടം ഏത് വിധത്തിൽ പരിഹരിക്കുവാനാണ് ഉദ്ദേശിക്കുന്നത്; | (ഡി) | 2016-17 അദ്ധ്യയന വർഷത്തിൽ 281 എൻ.ആർ.ഐ. സീറ്റിൽ ആകെ 73 സീറ്റുകളിൽ മാത്രമാണ് വിദ്യാർത്ഥികൾ പ്രവേശനം നേടിയത്. ഇക്കാരണത്താലാണ് മൊത്തം സീറ്റിന്റെ 15% മുള്ള എൻ.ആർ.ഐ. സീറ്റ് ചുരുക്കി 5% ആക്കിയതും ബാക്കി 10% സീറ്റുകൾ മെരിറ്റ് സീറ്റാക്കി മാറ്റിയതും. എന്നാൽ പൊതുവെ എഞ്ചിനീയറിംഗ് പ്രവേശനം കുറഞ്ഞ സാഹചര്യത്തിൽ 2017-18 അദ്ധ്യയന വർഷത്തിൽ കേപ്പിന്റെ എൻ.ആർ.ഐ. സീറ്റ്, മെരിറ്റ് സീറ്റ് ആക്കിയപ്പോൾ ഉണ്ടായ സാമ്പത്തിക നഷ്ടം നികത്താനായി സർക്കാരിന്റെ തന്നെ പ്രൊഫഷണൽ |

| | | | |
|---|---|---|---|
| | | | എഡ്യൂക്കേഷൻ ഫണ്ടിൽ നിന്നും Wipe of loss വകയിലും സർക്കാരിന്റെ ബഡ്ജറ്റിൽ നിന്ന് നോൺ പ്ലാൻ ഫണ്ട് വകയിലും സാമ്പത്തിക ധനസഹായം നൽകുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതാണ്. |
| (ഇ) | കേപ്പിലെ ജീവനക്കാരുടെ നിയമനങ്ങൾ സുതാര്യമാക്കുന്നതിനും പരാതികൾ ഒഴിവാക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;? | (ഇ) | നിയമനങ്ങൾ സുതാര്യമാക്കുന്നതിനും പരാതികൾ ഒഴിവാക്കുന്നതിനുമായി വിവിധ തസ്തികകളിലേയ്ക്കുള്ള തെരഞ്ഞെടുപ്പിനുള്ള പരീക്ഷകളുടെ നടത്തിപ്പും ചുരുക്കപ്പട്ടിക തയ്യാറാക്കലും സർക്കാർ അംഗീകൃത ഏജൻസിയെക്കൊണ്ട് മാത്രം ചെയ്യിക്കുവാനും അഭിമുഖം ആവശ്യമെങ്കിൽ വിദഗ്ധരെ ഉൾപ്പെടുത്തിയുള്ള കമ്മിറ്റിയെ നിയോഗിക്കുവാനും തീരുമാനിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**